പാണ്ടിക്കുഴി-ചെല്ലാനം റോഡിലെ പുത്തൻതോട് പാലം

1166 [2112] ശ്രീ. ടി. പി. പീതാംബരൻ മാസ്റ്റർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉപമുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാണ്ടിക്കുഴി-ചെല്ലാനം റോഡിലെ പുത്തൻതോട് പാലം അപകടത്തിലാണെന്ന് ബോർഡ് വച്ചിട്ട് എത്രകാലമായി;

(ബി) പ്രസ്തുത പാലം പുതുക്കിപ്പണിയാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) പ്രസ്തുത പാലത്തിന്റെ പുനർനിർമ്മാണം എന്നത്തേക്ക് തുടങ്ങുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) രണ്ടു വർഷമായി.

(ബി) ഇൻവെസ്റ്റിഗേഷൻ പൂർത്തിയാക്കിയിട്ടുണ്ട്.

(സി) പ്രാഥമിക നടപടിക്രമങ്ങൾ പൂർത്തിയായിട്ടില്ലാത്തതിനാൽ പ്രസ്തുത പാലത്തിന്റെ പുനർ നിർമ്മാണം എപ്പോൾ തുടങ്ങാൻ കഴിയുമെന്ന് ഇപ്പോൾ പറയുക പ്രയാസമാണ്.

പുന്നത്തുറ നടപ്പാലം പണി

1167 [2114] ശ്രീ. ഉമ്മൻ ചാണ്ടി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉപമുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മീനച്ചിലാറിൽ പുന്നത്തുറ നടപ്പാലം പണി കൺസ്ട്രക്ഷൻ കോർപ്പറേഷനെ ഏൽപ്പിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിന്റെ വ്യവസ്ഥകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(സി) എത്രയും വേഗം ഈ പാലത്തിന്റെ പണി ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) നടപടികൾ സ്വീകരിച്ചിട്ടുണ്ട്

ജംഗാർ സർവ്വീസ്

1168 [2130] ശ്രീ. ടി. പി. പീതാംബരൻ മാസ്റ്റർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉപമുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുമ്പളങ്ങി-പെരുമ്പടപ്പ് പാലത്തിന്റെ പണി ആരംഭിക്കുന്നതിനെ തുടർന്ന് പെരുമ്പടപ്പ് ഭാഗത്തുള്ള കടത്ത് കടവ് മാറുമോ;

(ബി) മാറുന്നുണ്ടെങ്കിൽ ജംഗാർ സർവ്വീസ് കൂടി നടത്തുന്ന വിധത്തിലാണോ പുതിയ ജെട്ടി പണിയുന്നത്;

LIBRARY ARCHIVES Kerala Legislative Assembly